Draft #58 of File 43742/ADB 1/2/2019/AD B 1 Approved by ESTATE OFFICER ADMINISTRATION on 03-May-2025 08:50 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല ,കേരളം**

43742/ADB 1/2/എ ഡി ബി 1/AD B 1
03.05.2025

**ക്വട്ടേഷൻ നോട്ടീസ്**

സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് പുല്ലരിക്കുന്ന് ക്യാമ്പസിൽ ഒരു ലഘുഭക്ഷണശാലയുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ പരിചയസമ്പന്നരായ വ്യക്തികളിൽ നിന്നും ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ബന്ധപ്പെട്ട കരാർ നിബന്ധനകളും വ്യവസ്ഥകളും ക്വട്ടേഷൻ ഫോറവും എഡി.ബി1 സെക്ഷനിൽ നിന്ന് നേരിട്ടും സർവ്വകലാശാല വെബ്സൈറ്റിൽ (www.mgu.ac.in) നിന്ന് ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാവുന്നതാണ്.

താൽപര്യമുള്ള വ്യക്തികൾ തങ്ങളുടെ ക്വട്ടേഷനുകൾ സീൽ ചെയ്ത കവറുകളിൽ, ***"സ്കൂൾ ഓഫ് സോഷ്യൽ സയൻസസ് പുല്ലരിക്കുന്ന് ക്യാമ്പസിലെ ലഘുഭക്ഷണശാലയുടെ നടത്തിപ്പിനായുള്ള ക്വട്ടേഷൻ"*** എന്ന് രേഖപ്പെടുത്തി ***രജിസ്ട്രാർ, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം -686 560*** എന്ന വിലാസത്തിൽ **:17/05/2025 , *03.00-PM-നകം*** ലഭിക്കത്തക്ക വിധത്തിൽ അയക്കേണ്ടതാണ്.

- ക്വട്ടേഷനുകൾ തുറക്കുന്ന തീയതി, സമയം :20/05/*2025 ,03.30 PM.*
- അവസാന തീയതിക്കും,സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.
- ക്വട്ടേഷനുകൾ തുറക്കുവാൻ നിശ്ചയിച്ചിട്ടുള്ള ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം **03.30 PM -ന്** ആയവ തുറക്കുന്നതാണ്.

കോൺടാക്ട് നമ്പർ: 9747772069

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

43742/ADB 1/2/എ ഡി ബി 1/AD B 1
03.05.2025

<u>അനുബന്ധം-എ</u>

<u>ലഘുഭക്ഷണശാല നടത്തിപ്പിനുള്ള അനുവാദത്തിനായി അനുവർത്തിക്കേണ്ട നിബന്ധനകളും വ്യവസ്ഥകളും.</u>

1. കരാർ കാലാവധി ഒരു വർഷമായിരിക്കും.
2. തെരഞ്ഞെടുക്കപ്പെട്ടാൽ സ്ക്വയർ ഫീറ്റിന് ₹10/-രൂപ നിരക്കിലാണ് (2021 അടിസ്ഥാന വർഷമായി പരിഗണിച്ച് ) പ്രതിമാസ വാടക അടക്കേണ്ടത് . ലഘുഭക്ഷണശാലാ കെട്ടിടം സർവ്വകലാശാലയുടേത് ആയതിനാലും അത്തരം കെട്ടിടങ്ങളുടെ വാടക നിശ്ചയിച്ചിട്ടില്ലാത്തതിനാലും , പുതിയ വാടക തീരുമാനിക്കുന്നതുവരെ ഈ നിരക്കിൽ വാടക അടക്കേണ്ടതാണ് .അപ്രകാരം തന്നെ കരുതൽ ധനത്തെ സംബന്ധിച്ചും തീരുമാനം ഉണ്ടാകുന്നതുവരെ കരുതൽ ധനമായി കരാറുകാരൻ ലാൻഡ് ഏരിയ അടിസ്ഥാനത്തിൽ 100 sq.ft വരെയുള്ള വിസ്തീർണത്തിന് ₹7500/- രൂപയും ,200 sq.ft വരെയുള്ള വിസ്തീർണത്തിന് ₹15000/-രൂപയും 200 sq.ft ന് മുകളിൽ ₹20000/- രൂപയും സർവ്വകലാശാല അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്. ഈ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വാടക , കരുതൽധനം എന്നിവ നിശ്ചയിക്കുന്ന മുറയ്ക്ക് അവ ബാധകമാവുന്നതാണ് .(സർവകലാശാലാ ഉത്തരവ് 343 /ADB 1 / 2021 തീയതി 15 - 01 - 2021 കാണുക )
3. വനിതകൾ, വിധവകളായ വനിതകൾ,എക്സ് സർവീസ് ജീവനക്കാർ,കുടുംബശ്രീ/ സെൽഫ് ഹെൽപ് ഗ്രൂപ്പിലുൾപ്പെട്ട വനിതകൾ , ഭിന്നശേഷിക്കാർ,എസ് സി/എസ് റ്റി വിഭാഗക്കാർ,BPL വിഭാഗക്കാർ എന്നിവരുടെ അപേക്ഷകൾക്ക് മുൻഗണ നൽകി പരിഗണിക്കുന്നതാണ്.
4. എല്ലാ വർഷവും കരാർ പുതുക്കുന്ന അവസരത്തിൽ ലഘു ഭക്ഷണശാലയുടെ വാടകയിനത്തിൽ 5 % വർദ്ധനവ് വരുത്തുന്നതാണ്..
5. പാചകത്തിനാവശ്യമായ സാധന സാമഗ്രഹികൾ കരാറുകാരൻ തന്നെ ഏർപ്പാട് ചെയ്യേണ്ടതാണ്. യാതൊരു കാരണവശാലും വൈദ്യുതി ഇന്ധനമായി ഉപയോഗിക്കുവാൻ പാടുള്ളതല്ല.
6. സ്ഥാപനത്തിന്റെ യശസ്സിന് ഭംഗം വരാത്ത വിധത്തിൽ രുചികരമായ ഭക്ഷണം നൽകേണ്ടതാണ്.
7. വിവിധ ഭക്ഷണ സാധനങ്ങളുടെ വിലനിലവാരപ്പട്ടിക ലഘു ഭക്ഷണശാലയിൽ എല്ലാവർക്കും കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതാണ്.
8. സർവ്വകലാശാല രജിസ്ട്രാറുടെ മുൻകൂർ ലിഖിത അനുമതിയില്ലാതെ യാതൊരു കാരണവശാലും വിലകളിൽ മാറ്റം വരുത്തരുത്.
9. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 8 മണി മുതൽ വൈകിട്ട് 6.30 മണി വരെ ഭക്ഷണസാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
10. കാലാകാലങ്ങളിൽ സർവ്വകലാശാലാ രജിസ്ട്രാർ ലഘുഭക്ഷണശാലയുടെ സുഗമമായ നടത്തിപ്പിനായി നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
11. ലഘു ഭക്ഷണ ശാല നടത്തിപ്പിൽ അതൃപ്തികരമായ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു മുൻകൂർ അറിയിപ്പും ഇല്ലാതെ കരാർ റദ്ദ് ചെയ്യുന്നതായിരിക്കും.
12. ആരുടെ ക്വട്ടേഷനാണോ അംഗീകരിക്കപ്പെടുന്നത് അവർ തന്നെ ലഘു ഭക്ഷണശാല നടത്തേണ്ടതാണ്. മറ്റാരെയും ചുമതലപ്പെടുത്താൻ അനുവദിക്കുന്നതല്ല.
13. സർവ്വകലാശാലയും കരാറുകാരനുമായി ഒരു സമ്മതപത്രത്തിൽ ഒപ്പിടേണ്ടതാണ്.
14. ക്വട്ടേഷനുകൾ സ്വീകരിക്കാനും നിരാകരിക്കാനുമുള്ള അധികാരം രജിസ്ട്രാറിൽ നിക്ഷിപ്തമായിരിക്കും.
15. അപൂർണ്ണമായ അപേക്ഷകൾ തള്ളിക്കളയുന്നതായിരിക്കും.
16. അപേക്ഷയോടൊപ്പം തിരിച്ചറിയൽ രേഖയുടെ പകർപ്പ് സമർപ്പിക്കേണ്ടതാണ് .

ജിംസൺ ജോൺ

എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

Draft #59 of File 43742/ADB 1/2/2019/AD B 1 Approved by ESTATE OFFICER ADMINISTRATION on 03-May-2025 09:02 PM - Page 1

Draft #60 of File 43742/ADB 1/2/2019/AD B 1 Approved by ESTATE OFFICER ADMINISTRATION on 28-Apr-2025 08:34 PM - Page 1

43742/ADB 1/2/എ ഡി ബി 1/AD B 1
28.04.2025

**അനുബന്ധം-ബി**

**ലഘു ഭക്ഷണശാലയിൽ ലഭ്യമാക്കേണ്ട, ഭക്ഷണപദാർഥങ്ങളുടെ ലിസ്റ്റ് ചുവടെ ചേർത്തിരിക്കുന്നു .**

| ക്രമ നം. | ഐറ്റം | വില |
|---|---|---|
| I | **പാനീയങ്ങൾ** | |
| 1. | ചായ | 11 |
| 2. | കാപ്പി | 13 |
| 3. | കട്ടൻ ചായ | 07 |
| 4. | കട്ടൻ കാപ്പി | 07 |
| 5. | ലൈം റ്റി | 10 |
| 6. | നാരങ്ങാവെള്ളം | 12 |
| 7. | ഫ്രഷ് ലൈം | 18 |
| 8. | സംഭാരം | 12 |
| 9. | സോഡാനാരങ്ങാവെള്ളം | 18 |
| 10. | ഉപ്പ് സോഡാനാരങ്ങാവെള്ളം | 13 |
| 11. | ഗ്രേപ്പ് ജ്യൂസ് | 30 |
| II | **പലഹാരങ്ങൾ** | |
| 12. | പഴംപൊരി | 10 |
| 13. | ഉഴുന്ന് വട | 10 |
| 14. | പരിപ്പ് വട | 10 |
| 15. | ഉള്ളി വട | 10 |
| 16. | സുഖിയൻ | 10 |
| 17. | ബോണ്ട | 10 |
| 18. | വട്ടയപ്പം | 10 |
| 19. | ഇലയട | 10 |
| 20. | കൊഴുക്കട്ട | 10 |
| 21. | എഗ്ഗ് പഫ്സ് | 15 |
| 22. | മീറ്റ് പഫ്സ് | 15 |
| 23. | ചിക്കൻ പഫ്സ് | 15 |
| 24. | വെജ്പഫ്സ് | 12 |
| 25. | മീറ്റ്കട്ലറ്റ് | 15 |
| 26. | ചിക്കൻ കട്ലറ്റ് | 15 |
| 27. | വെജ് കട്ലറ്റ് | 10 |

| | | |
|---|---|---|
| 28. | മീറ്റ് സമൂസ | 12 |
| 29. | ചിക്കൻ  സമൂസ | 12 |
| 30. | വെജ് സമൂസ | 10 |
| 31. | മീറ്റ് റോൾ | 25 |
| 32. | ചിക്കൻ റോൾ | 25 |
| 33. | വെജ് റോൾ | 18 |
| 34. | മീറ്റ് ബർഗർ | 26 |
| 35. | ചിക്കൻ ബർഗർ | 30 |
| 36. | വെജ് ബർഗർ | 20 |
| 37.2 | സാൻവിച്ച് | 25 |
| 38. | ഓട്ടട | 12 |
| 39. | ചക്കയട | 12 |

ജിംസൺ ജോൺ
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

Draft #60 of File 43742/ADB 1/2/2019/AD B 1 Approved by ESTATE OFFICER ADMINISTRATION on 28-Apr-2025 08:34 PM - Page 2

Draft #57 of File 43742/ADB 1/2/2019/AD B 1 Approved by ESTATE OFFICER ADMINISTRATION on 03-May-2025 08:51 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല ,കേരളം**

43742/ADB 1/2/2019/AD B 1
03.05.2025

**ക്വട്ടേഷൻ ഫോറം**

1. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തിയുടെ (വ്യക്തികളുടെ) പേര് :

2. സ്ഥിരമായ മേൽവിലാസം :

3. കത്തിടപാടുകൾ നടത്തുവാനുള്ള മേൽ വിലാസവും, കോൺടാക്ട് നമ്പറും :

4. ലഘു ഭക്ഷണശാല നടത്തിപ്പിലെ പൂർവ്വപരിചയ വിവരങ്ങൾ : (തെളിയിക്കുന്നതിനാവശ്യമായ രേഖകൾ സമർപ്പിക്കുക)
5. ഉൾപ്പെടുന്ന മുൻഗണനാ വിഭാഗം രേഖപ്പെടുത്തുക

സ്കൂൾ ഓഫ് സയൻസസ് പുല്ലരിക്കുന്ന് ക്യാമ്പസിലെ ലഘുഭക്ഷണശാലാ നടത്തിപ്പിനായി അനുബന്ധം-ബി യിൽ നൽകിയിരിക്കുന്ന സർവ്വകലാശാല അംഗീകരിച്ചിരിക്കുന്ന വില നിലവാരത്തിൽ അനുബന്ധം-എ യിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് പ്രവർത്തിച്ചുകൊള്ളാം എന്ന് ഇതിനാൽ സമ്മതിച്ച് കൊള്ളുന്നു.

സ്ഥലം : ഒപ്പ് :
തീയതി : പേര്:

---

**ഓഫീസ് ഉപയോഗത്തിന് വേണ്ടി**

.............................. തീയതി ............................. മണിക്ക്
ശ്രീ/ശ്രീമതി ...................................................................... നൽകിയ ക്വട്ടേഷൻ ഫോറം
ഒപ്പ്

JIMSON JOHN
ESTATE OFFICER ADMINISTRATION